**പതിനാലാം കേരള നിയമസഭ**
**അഞ്ചാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ : 3746

15.05.2017 ൽ
മറുപടിയ്ക്ക്

## മെഡിക്കൽ റീഇംബേഴ്സ്മെന്റ്

| ചോദ്യം | ഉത്തരം |
|---|---|
| **ശ്രീ. ഇ. കെ. വിജയൻ :** | **പ്രൊഫ. സി. രവീന്ദ്രനാഥ്**<br>**ബഹു. വിദ്യാഭ്യാസ വകുപ്പ് മന്ത്രി** |
| (എ) ശ്രീമതി. രമണി, എൽ.പി.എസ്.എ., ഗവ.യു.പി.എസ്., കല്ലാച്ചി എന്നവർ എന്നാണ് എ.ഇ.ഒ നാദാപുരം ഓഫീസിൽ മെഡിക്കൽ റീഇംബേഴ്സ്മെന്റിനുള്ള അപേക്ഷ സമർപ്പിച്ചതെന്ന് വ്യക്തമാക്കുമോ ; | (എ) 04-12-2013-ൽ. |
| (ബി) ഈ അപേക്ഷയിൽ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ ; | (ബി) സ്വകാര്യ ആശുപത്രിയിൽ ചികിത്സ നടത്തിയതിനാൽ സർക്കാരിന്റെ അനുമതി വാങ്ങി ആരോഗ്യ വകുപ്പ് ഡയറക്ടർക്ക് അനുവദനീയ തുക പരിശോധിക്കുന്നതിനു വേണ്ടി അയയ്ക്കുകയും എന്നാൽ ചില സർട്ടിഫിക്കറ്റുകൾ ആവശ്യപ്പെട്ടുകൊണ്ട് ആരോഗ്യവകുപ്പ് ഡയറക്ടർ തിരിച്ചയച്ചതുകൊണ്ട് പ്രസ്തുത സർട്ടിഫിക്കറ്റുകൾ ലഭ്യമാക്കുന്നതിനു വേണ്ടി പൊതു വിദ്യാഭ്യാസ ഡയറക്ടർ, കോഴിക്കോട് വിദ്യാഭ്യാസ ഉപ ഡയറക്ടർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. |

| | | | |
|---|---|---|---|
| (സി) | എന്ത് കാരണത്താലാണ് നാല് വർഷമായിട്ടും മെഡിക്കൽ റീഇംബേഴ്സ്മെന്റ് അനുവദിക്കാത്തതെന്ന് വിശദമാക്കുമോ ; | (സി) | ആരോഗ്യവകുപ്പ് ഡയറക്ടർ ആവശ്യപ്പെട്ട സർട്ടിഫിക്കറ്റുകൾ യഥാസമയം ലഭിക്കാത്തതിനാലാണ് കാലതാമസം നേരിട്ടത്. സർട്ടിഫിക്കറ്റുകൾ ലഭ്യമാക്കുന്നതിലേയ്ക്കായി അപേക്ഷ പല പ്രാവശ്യം മടക്കി അയയ്ക്കേണ്ടി വന്നു. |
| (ഡി) | മറ്റ് തടസ്സങ്ങൾ ഒന്നും ഇല്ലെങ്കിൽ പ്രസ്തുത അപേക്ഷയിൽ റീഇംബേഴ്സ്മെന്റ് അനുവദിക്കാൻ അടിയന്തര നടപടി സ്വീകരിക്കുമോ ? | (ഡി) | സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ.